## (64.) പാമ്പനി സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

1972-73 കാലഘട്ടത്തിൽ ഇടുക്കി, പത്തനംതിട്ട, കോന്നി, കടമ്മനിട്ട, കുമ്പഴ എന്നിവിടങ്ങളിൽ നിന്ന് കൃഷിക്കുവേണ്ടി പാമ്പിനി എന്ന സ്ഥലത്തേക്ക് ആളുകൾ കുടിയേറി. പാമ്പിനിയുടെ കിഴക്കു ഭാഗം പന്നിയാർ കോളനിയും പടിഞ്ഞാറ് വനവും വടക്ക് ആദിവാസി കോളനിയും തെക്ക് താഴ്പുട്ട് അമ്പലവുമാണ്. ആ കാലഘട്ടത്തിൽ ഇവിടുത്തെ ക്രിസ്ത്യാനികൾ ചിറ്റാർ ഓർത്തഡോക്സ്, സീറോ മലബാർ പള്ളികളിലാണ് ആരാധന അനുഷ്ഠാനങ്ങളിൽ പങ്കുചർന്നിരുന്നത്. 1975-ൽ 5 കുടുംബങ്ങൾ ചേർന്ന് സീതത്തോട്ടിലെ വികാരിയായ തോമസ് പടയാനിക്കൽ അച്ചനെ കാണുകയും അച്ചൻ വന്ന് കാട്ടിൽ നിന്ന് കമ്പും തൂണും വെട്ടി മുരുപ്പേൽ ശാമുവേലിന്റെ സ്ഥലത്ത് ഷെഡ് കെട്ടി കൂദാശ ചെയ്ത് കുർബാന അർപ്പിക്കുവാൻ തുടങ്ങി. തുടർന്ന് വിശ്വാസി സമൂഹം ബനഡികട് മാർ ഗ്രിഗോറിയോസ് പിതാവിനെ കാണുകയും പള്ളി പണിതുതരാം എന്ന ഉറപ്പ് വന്ദ്യ പിതാവ് നൽകുകയും ചെയ്തു. ആ സമയത്ത് ഇടുക്കിയിൽ നിന്ന് വന്ന ഗീവർഗ്ഗീസ് തയ്യിൽ എന്ന വ്യക്തി 10 സെന്റ് സ്ഥലം ഇഷ്ടദാനമായി നൽകുകയും ആ സ്ഥലത്ത് പള്ളി പണിയുകയും ബനഡിക്ട് പിതാവ് 1978-ൽ കൂദാശ ചെയ്തു തരികയും ചെയ്തു.

മാമ്പാറ പള്ളിയുടെ വികാരിയായ ജോഷ്വാ പീടികയിൽ അച്ചനായിരുന്നു പാമ്പിനി ഇടവക വികാരി. ആ കാലഘട്ടത്തിൽ പള്ളിയുണ്ടെങ്കിലും സെമിത്തെരി ഇല്ലായിരുന്നു. അങ്ങനെ ഇരിക്കെ ഒരു ഇടവകാംഗം മരിക്കുകയും പള്ളി സ്ഥലത്ത് അടക്കിയെങ്കിലും മറ്റുനാട്ടുകാർ ചേർന്ന് ശവംപുറത്തെടുത്ത് വെയ്ക്കുകയും സീതത്തോട്ടിലെ വികാരിയായിരുന്ന ജോൺസി പുത്തൻവീടിന്റെ നേതൃത്വത്തിൽ നാട്ടുകാരെ കൊണ്ട് എടുത്ത് പോലീസിന്റെ സാന്നിധ്യത്തിൽ രാത്രിയിൽ ചിറ്റാർ പള്ളി സെമിത്തെരിയിൽ അടക്കുകയും ചെയ്തു. അതിനുശേഷം സ്ഥലം തന്ന തയ്യിൽ ഗീവർഗ്ഗീസിന്റ ഭാര്യ കാൻസർ വന്ന് മരിക്കുകയും മൂന്ന് ദിവസം ശവം അടക്കിക്കാതെ നാട്ടുക്കാർ തടഞ്ഞുവെയ്കുകയും തുടർന്ന് മൂന്നാം ദിവസം ആർ.ഡി.ഒ., പോലിസ് എന്നിവർ വന്ന് സ്വന്തം സ്ഥലത്ത് അടക്കുന്നതിന് സമ്മതിച്ച് അടക്കുകയും ചെയ്തു. ശേഷം പല ഓഫിസുകൾ കയറി ഇറങ്ങി ഒടുവിൽ സർക്കാരിന്റെ സമ്മതം കിട്ടുകയും ഇടവകാഗങ്ങളുടെ അധ്വാനഫലമായി സെല്ലാർ പണിയുകയും കാലം ചെയ്ത സിറിൽ മാർ ബസേലിയോസ് പിതാവ് കൂദാശ ചെയ്യുകയും ചെയ്തു. ഈ പള്ളിയിൽ തോമസ് പടയാനിക്കൽ, മാത്യു ആലുംമൂട്ടിൽ, ഗീവർഗ്ഗീസ് ചേടിയത്ത്, ജോസ് ചാമക്കാലയിൽ, ജോൺ തുണ്ടിയത്ത്, ജോഷ്വാ പീടികയിൽ, ജോൺസി പുത്തൻവീട്, ക്രിസ്റ്റി തേവള്ളിൽ, ചെറിയാൻ മായിക്കൽ, സെബാസ്റ്റ്യൻ ആമ്പശ്ശേരിൽ, ശമുവേൽ ഇടമണ്ണിൽ, മാത്യു മാടപ്പള്ളി, ജോഷ്വ പാറയിൽ, തോമസ് മലയിൽ, ജോസ് കളവിള, റോബിൻ മനക്കലെത്ത്, എബ്രഹാം മേപ്പുറത്ത്, ജോസഫ് തുണ്ടിയൂഴത്തിൽ, വർഗ്ഗീസ് തയ്യിൽ എന്നിങ്ങനെ അനവധി വികാരിമാരും, സിസ്റ്റർമാരും സേവനം ചെയ്തിട്ടുണ്ട്. ഈ ഇടവകയ്ക്ക് ഇപ്പോൾ 90 സെന്റ് സ്ഥലം ഉണ്ട്. അതിൽ 150 റബർ മരങ്ങൾ ഉണ്ട്.

പത്തനംതിട്ട രൂപതയുടെ പ്രഥമ മെത്രാപ്പോലിത്ത ക്രിസോസ്റ്റം പിതാവ് പള്ളിയുടെ ശോചനീയാവസ്ഥകണ്ട് പുതിയ പള്ളി പണിത് 2015 മെയ് 27-ാം തീയതി കൂദാശ ചെയ്തു തരുകയും ചെയ്തു. പള്ളി പണിക്ക് മേൽനോട്ടം വഹിച്ചത് വികാരിയായിരുന്ന എബ്രഹാം മേപ്പുറത്തച്ചൻ ആയിരുന്നു. നിലവിൽ ഇടവക വയ്യാറ്റുപുഴയുടെ കീഴിലാണ്. 30 വീട്ടുകാർ ഈ ഇടവകയിൽ ഉണ്ട്. എല്ലാവരും സാധാരണ കൃഷിക്കാരാണ്. ഈ ഇടവകയിൽ സർക്കാർ ജോലിക്കാരോ ഉദ്യോഗസ്ഥരോ ഇല്ല. ഇടവകയുടെതായ ഒരു കുരുശടി ഉണ്ട്. ദൈവവിളികൾ ഇതുവരെ ഇല്ല. നിലവിൽ വികാരിയായി ജോയ്സി പുതുപ്പറമ്പിൽ അച്ചൻ സേവനമനുഷ്ഠിക്കുന്നു. വി.ഗീവർഗീസ് സഹദായുടെ പ്രത്യേക മാദ്ധ്യസ്ഥതയിൽ പാമ്പിനി ദേശത്തിനു പള്ളി അനുഗ്രഹങ്ങൾ ചെരിഞ്ഞു നിലകൊള്ളുന്നു.